DESPATCHED
On.15/12/21...



(8/11/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.183(6)/2021/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.1998/എസ്.ഐ.സി-ജി 5/2021)*

സന്നിഹിതൻ
അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. കെ. മോഹനൻ പിള്ള,
ഗൗരീശങ്കരം, 101 എ., മില്ലനിയം നഗർ,
കന്നിമേൽചേരി,
കാവനാട് പി.ഒ., കൊല്ലം-691 003 — അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി സെക്രട്ടറി,
തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്,
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

2. അപ്പീൽ അധികാരി &
അഡീഷണൽ സെക്രട്ടറി,
തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്,
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം — എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 08.09.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 14.10.2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 08.12.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 18.01.2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 30.01.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 04.02.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 04.03.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 15.04.2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 16.11.2021, കൊല്ലം |

| ഹിയറിംഗിലെ സാന്നിദ്ധ്യം | |
|---|---|
| ഹർജിക്കാരൻ | ഹാജരായില്ല |
| ഒന്നാം എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ. മോഹനൻ പിള്ള കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമായില്ലെന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന്മേൽ ലഭ്യമായ മറുപടി തൃപ്തികരമല്ലെന്നും അതിനാൽ കമ്മീഷൻ ടിയാന് വിവരങ്ങൾ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 08.09.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് എൽ.എസ്.ജി.ഡിക്ക് കീഴിലുള്ള പഞ്ചായത്ത് വകുപ്പുമായി ബന്ധപ്പെട്ട് ചില ചോദ്യങ്ങളും രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും നൽകണമെന്നുമായി 15 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് ഒന്നാം എതിർകക്ഷി 14.10.2020 ന് പകർപ്പ് ഫീസ് അടക്കാൻ നിർദ്ദേശിച്ച് കത്ത് നൽകിയതായി കാണുന്നു. തുടർന്ന് 03.11.2020 ന് ടിയാൻ ആവശ്യപ്പെട്ട EPB1/190/2019/LSGD നമ്പർ ഫയലിന്റെ മുഴുവൻ പകർപ്പുകളും ആണ് നൽകിയതായി കാണുന്നത്. ഹർജികക്ഷി ആവശ്യപ്പെട്ട വിവരം അടക്കം ടി ഫയലിൽ ഉള്ളതായിട്ടാണ് മനസ്സിലാകുന്നത്. ആയതു തൃപ്തികരമല്ലാത്ത തിനാൽ ടിയാൻ രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ

സമർപ്പിച്ചു. അതിന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷി നിശ്ചിത സമയപരിധിക്കകം മറുപടി ലഭ്യമാക്കിയിട്ടുണ്ടെന്നും കൂടാതെ പകർപ്പുകൾ ആവശ്യപ്പെട്ട പ്രകാരം സർട്ടിഫൈ ചെയ്ത് നൽകിയിട്ടുണ്ടെന്നുമാണ്.

3. രണ്ടാം എതിർകക്ഷി 15.04.2021 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിലൂടെ അറിയിച്ചത്, ഹർജിക്കാരന്റെ വിവിധ തീയതികളിൽ സർക്കാരിൽ സമർപ്പിച്ച അപേക്ഷകളിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും നടപടി സ്വീകരിക്കുവാൻ ബാധ്യസ്ഥരായ ഉദ്യോഗസ്ഥരുടെ പേര് വിവരവും ആവശ്യപ്പെട്ടിരുന്നുവെന്നും ആയവ പ്രസ്തുത കുറിപ്പ് ഫയലിൽ ലഭ്യമാണെന്നും ടി കുറിപ്പു ഫയലിന്റെ പകർപ്പ് ടിയാന് അനുവദിച്ചിട്ടുള്ളതാണെന്നും 2005 ലെ വിവരാവകാശ നിയമത്തിലെ 2(എഫ്) പ്രകാരം വിശദീകരണം, സ്പഷ്ടീകരണം എന്നിവ വിവരാവകാശ നിയമത്തിൽ 'വിവരം' എന്നതിന്റെ നിർവ്വചനത്തിൽ വരുന്നതല്ലെന്നും ആയതിനാലാണ് ടിയാന്റെ അപേക്ഷയിലെ ചോദ്യങ്ങൾക്കുള്ള മറുപടി ഉൾപ്പെടുന്ന EPB1/190/2019/LSGD നമ്പർ ഫയലിന്റെ പകർപ്പുകൾ (കുറിപ്പ് ഫയൽ അടക്കം) എസ്.പി.ഐ.ഒ. അനുവദിച്ചതെന്നും കോവിഡ് 19 നുമായി ബന്ധപ്പെട്ട് ഓഫീസ് സെക്ഷൻ ഉൾപ്പെടെയുള്ള സെക്ഷനുകളിൽ ജോലി നിയന്ത്രണം നിലവിന്നിരുന്നതിനാലുള്ള കാലതാമസമാകാം ടിയാന് പകർപ്പുകൾ ലഭ്യമാക്കുവാൻ കാലതാമസമെടു ത്തതെന്നും മറ്റുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 08.09.2020 ലെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 14.10.2020 ൽ മറുപടി നൽകിയതായി കാണുന്നു. ആയത് സമയ ബന്ധിതമായി നൽകിയിട്ടില്ലെന്ന് ബോധ്യമാകുന്നു. ടി മറുപടിയിൽ പകർപ്പ് ഫീസ് അടക്കാൻ നിർദ്ദേശിച്ചതായാണ് കാണുന്നത്. ഫീസ് അടക്കാൻ നിർദ്ദേശം നൽകുന്നതിന് ഇത്രയും കാലതാമസത്തിന്റെ ആവശ്യകതയുള്ളതായി കാണുന്നില്ല. കൂടാതെ ടിയാൻ ആവശ്യപ്പെട്ട പകർപ്പുകൾ ലഭ്യമാക്കുന്നതിലും കാലതാമസം വന്നിട്ടുള്ളതായി കാണുന്നു. ആയതിനു രണ്ടാം എതിർകക്ഷി നൽകിയ വിശദീകരണം അംഗീകരിക്കത്തക്കതല്ല. ഹർജിക്കാരന്റെ 08.09.2020 ലെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 14.10.2020 ൽ ഫീസ് അടക്കാൻ നിർദ്ദേശിച്ചാണ് മറുപടി നൽകിയതായി കാണുന്നത്. വിവരാവകാശ അപേക്ഷ കൈകാര്യം ചെയ്യുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വേണ്ടത്ര ജാഗ്രത പുലർത്തേണ്ടതാണ്. അല്ലാത്തപക്ഷം വിവരാവകാശ നിയമം ദുരുപയോഗം ചെയ്യാൻ ഇടവരുത്തും. മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ഒന്നാം എതിർകക്ഷിയെ കമ്മീഷൻ ശക്തമായി താക്കീത് ചെയ്യുന്നു. ഹിയറിംഗിൽ പങ്കെടുത്ത ഒന്നാം എതിർകക്ഷി മൊഴി നൽകിയത് ഹർജികക്ഷി ആവശ്യപ്പെട്ട 15 ചോദ്യത്തിന്റെയും മറുപടി അടങ്ങുന്ന ഫയലാണ് ടിയാന് നൽകിയതെന്നും ബന്ധപ്പെട്ട ഫയലുകളുടെ പകർപ്പുകൾ എല്ലാം നൽകിയിരുന്നുവെന്നുമാണ്. എങ്കിലും നൽകിയ ഫയലിന്റെ ഏതു പേജിലാണ് ഉത്തരത്തിന്റെ ഭാഗം വരുന്നത് എന്നു വ്യക്തമാക്കി അടയാളപ്പെടുത്തി വളരെ വ്യക്തമായ രീതിയിൽ ഒരിക്കൽ കൂടി

ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം ഹർജികക്ഷിക്ക് ഒന്നാം എതിർകക്ഷി അയച്ചു നൽകേണ്ടതാണ് എന്നു കമ്മീഷൻ ഉത്തരവാകുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, നവംബർ 18–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

dp